# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1225 | 30.01.2018 ൽ മറുപടിക്ക്

**പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലനകേന്ദ്രം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ആന്റണി ജോൺ** | **ശ്രീ. ജി.സുധാകരൻ**<br>**(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലത്ത് പണികഴിപ്പിച്ചിട്ടുള്ള പി.ഡബ്ള്യൂ.ഡി. എഞ്ചിനീയർമാർക്കുള്ള പരിശീലന കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്ക് പരിശീലനം നൽകുന്നതിന് സ്ഥിരമായി സംവിധാനം എന്ന നിലയിൽ കോതമംഗലത്തുനിന്ന് 20 കി.മീ. അകലെ നേരിയമംഗലത്ത് പെരിയാറിന്റെ തീരത്ത് പി.ഡബ്ള്യൂ.ഡി. എഞ്ചിനീയേഴ്സ് ട്രെയിനിംഗ് സെന്റർ നിർമ്മാണം നടക്കുന്നു. ഇതിന്റെ ഒന്നാം ഘട്ടമായി 445 ലക്ഷം രൂപ ചെലവിൽ 3553 ച.മീ. വിസ്തീർണ്ണത്തിൽ സെല്ലാർ, താഴത്തെ നില, ഒന്നാം നില എന്നിവയുടെ നിർമ്മാണം 04/02/2011-ൽ ആരംഭിക്കുകയും 02/07/2013-ൽ പൂർത്തിയാക്കുകയും ചെയ്തു. രണ്ടാം ഘട്ടമായി ഇതിന് മുകളിൽ രണ്ടാം നിലയും, ഒന്നാം ഘട്ടത്തിന്റെ പൂർത്തീകരണ വേലകളുൾപ്പെടെ 1276 ച.മീ. വിസ്തീർണ്ണത്തിൽ 700 ലക്ഷം രൂപ മുടക്കി 05/06/2015-ൽ പണി ആരംഭിക്കുകയും 01/12/2016-ൽ പൂർത്തിയാക്കുകയും ചെയ്തു. ഇതിൽ വാഹനങ്ങളുടെ പാർക്കിംഗ്, സ്റ്റാഫിന് താമസസൗകര്യം, ഡൈനിംഗ് ഹാളുകൾ, അടുക്കള, ഡോർമിറ്ററി, റീഡിംഗ് റൂം, ലൈബ്രറി, അഞ്ച് സെമിനാർ ഹാളുകൾ, ഒരു വലിയ കോൺഫറൻസ് ഹാൾ, മിനി കോൺഫറൻസ് ഹാൾ, ഓഡിറ്റോറിയം, ആവശ്യമായ ടോയലെറ്റ് സൗകര്യം എന്നിവ |

ഉൾപ്പെടുന്നു. കോമ്പൗണ്ടിന് ചുറ്റുമുള്ള മതിലും ഗേറ്റും, മുറ്റം, റോഡ് എന്നിവയിൽ ടൈൽ വിരിക്കൽ എന്നിവ ഉൾപ്പെടെയുള്ള എല്ലാ സിവിൽ വേലകളും പൂർത്തിയായിട്ടുണ്ട്. എന്നാൽ രണ്ടാം ഘട്ടത്തിലുള്ള രണ്ടാം നിലയിലെ കോൺഫറൻസ് ഹാളിന്റെയും, ഓഡിറ്റോറിയത്തിന്റെയും ഇലക്ട്രിക്കൽ വേലകളും ലിഫ്റ്റിന്റെ പണികളും ആരംഭിച്ചിട്ടില്ല. ഓഡിറ്റോറിയത്തിലും, സെമിനാർ ഹാളുകളിലും കമ്പ്യൂട്ടർ, നെറ്റ് വർക്ക് എന്നിവയുൾപ്പെടെയുള്ള ഇലക്ട്രോണിക്സ് ജോലികൾ പൂർത്തിയായിട്ടുണ്ട്. 01/12/2016-ൽ പൂർത്തിയാക്കിയ ഈ കെട്ടിടം സംരക്ഷിക്കുന്നതിനും, പ്രവർത്തിപ്പിക്കുന്നതിനും മാനേജർ, ലൈബ്രേറിയൻ, ഓപ്പറേറ്റർമാർ, കുക്ക്, തൂപ്പുകാർ, സെക്യൂരിറ്റി തുടങ്ങി ആവശ്യമായ ജീവനക്കാരെ നിയമിക്കേണ്ടതുണ്ട്.

(ബി) പ്രസ്തുത പരിശീലനകേന്ദ്രം എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി) രണ്ടാം നിലയിലെ ഇലക്ട്രിക് ജോലികളും, ലിഫ്റ്റിന്റെ പണികളും പൂർത്തിയാകുകയും ഈ കെട്ടിടം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ നിയമന നടപടികളും പൂർത്തിയായതിനുശേഷം പ്രവർത്തനം ആരംഭിക്കാൻ കഴിയും. കൂടാതെ ആവശ്യത്തിനുള്ള ഫർണിച്ചറുകളും ലഭ്യമാക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ